**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിവാഹത്തിന് ഏതെല്ലാം രീതിയിലുള്ള ധനസഹായങ്ങൾ ആണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി വിഭാഗം പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം പട്ടികജാതി വിഭാഗക്കാർ തമ്മിലുള്ള വിവാഹത്തിന് 75,000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പട്ടികജാതിക്കാരും മറ്റ് ഇതര വിഭാഗക്കാരും തമ്മിലുള്ള മിശ്ര വിവാഹത്തിന് 75,000/-രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഒരു ലക്ഷം രൂപയാണ് വരുമാന പരിധി. ആയതിന് അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗം നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,00,000/-രൂപയും (ഒരു ലക്ഷം രൂപ മാത്രം) അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,50,000/-രൂപയും (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിവാഹ ധനസഹായമായി അനുവദിച്ചുവരുന്നു. ഒരു ലക്ഷം രൂപയാണ് വാർഷിക വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ